**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 508** **09-08-2023 - ൽ മറുപടിയ്ക്ക്**

**പങ്കാളിത്ത പെൻഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇത് സംബന്ധിച്ച സർക്കാർ നയം വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതിയിൽ നിന്നും സ്റ്റാറ്റ്യൂട്ടറി പദ്ധതിയിലേക്ക് മാറാൻ എന്തെങ്കിലും സാങ്കേതിക തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ; | (എ) | പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃ പരിശോധിക്കുന്നതുമായി ബന്ധപ്പെട്ട സാമ്പത്തിക നിയമവശങ്ങൾ ഉൾപ്പടെ വിവിധ വിഷയങ്ങൾ പരിശോധിക്കുന്നതിലേയ്ക്കായി സർക്കാർ പുന:പരിശോധനാ സമിതിയെ നിയമിക്കുകയും പ്രസ്തുത സമിതി ഈ വിഷയങ്ങൾ വിശദമായി പരിശോധിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും സർക്കാർ ഈ റിപ്പോർട്ട് പരിശോധിച്ച് വരികയുമാണ്. ടി വിഷയത്തിന്മേൽ നയപരമായ തീരുമാനം ആവശ്യമായതിനാലും ആയതിന്മേൽ തീരുമാനമാകുന്നമുറയ്ക്ക് സർക്കാർ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ബി) | പി.എഫ്.ആർ.ഡി (പെൻഷൻ ഫണ്ട് റഗുലേറ്ററി ആൻഡ് ഡെവലപ്മെന്റ് അതോറിറ്റി) ആക്റ്റിലോ സംസ്ഥാന സർക്കാർ പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട കരാറുകളിലോ ഇതുമായി ബന്ധപ്പെട്ട പരാമർശങ്ങളുണ്ടോ; വിശദമാക്കാമോ; | (ബി) | പ്രത്യേക പരാമർശമില്ല. |
| (സി) | പങ്കാളിത്ത പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട സാമ്പത്തിക നിയമവശങ്ങൾ പരിശോധിക്കുന്നതിനായി സർക്കാർ നിയമിച്ച പുന:പരിശോധനാ സമിതി സമർപ്പിച്ച റിപ്പോർട്ടിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; സ്റ്റാട്യൂട്ടറി പെൻഷൻ പദ്ധതി പുന:സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ;വിശദമാക്കാമോ? | (സി) | പങ്കാളിത്ത പെൻഷൻ പുനഃപരിശോധന സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ